# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6478 21..11.2019-ൽ മറുപടി നൽകേണ്ടത്

**കോതമംഗലം - മാതിരപ്പിള്ളി വി.എച്ച്.എസ്.ഇ. സ്കൂളിൽ കെട്ടിട നിർമ്മാണം**

ചോദ്യം

ശ്രീ. ആന്റണി ജോൺ

മറുപടി

പ്രൊഫ. സി.രവീന്ദ്രനാഥ്
(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം നിയോജകമണ്ഡലത്തിലെ മാതിരപ്പിള്ളി വി.എച്ച്.എസ്.ഇ. സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് 1.5 കോടി രൂപ അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പൊതുവിദ്യാഭ്യാസ (എസ്.സി.) വകുപ്പിൽ നിന്നും ഇറങ്ങിയ.723/2019/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സ്കൂൾ കെട്ടിടനിർമ്മാണം പി.ഡബ്ല്യു.ഡി. യെ ഏല്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത സ്കൂൾ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (സി | 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് മാതിരപ്പിള്ളി ഗവ വി.എച്ച്.എസ്.എസ്സിന് 1.5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്നു. ഭരണാനുമതി ലഭ്യമാക്കിയ ഉത്തരവിൽ കെട്ടിട നിർവഹണ ഏജൻസിയായി നിശ്ചയിച്ചിരുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പിനെയായിരുന്നു. എന്നാൽ തദ്ദേശസ്വയം ഭരണ വകുപ്പിന് സ്കൂൾ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കാരണം 26.2.2019 ലെ സ.ഉ(സാധാ.)723/19/പൊ.വി.വ നമ്പർ ഉത്തരവു പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പിൽനിന്നും നിർവഹണ ഏജൻസി പൊതു മരാമത്തു വകുപ്പിന് നൽകിയിരുന്നു. അതനുസരിച്ചുള്ള തുടർനടപടികൾ പൊതു മരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (ഡി) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ഡി) | നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നതായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഇ) | നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.